FRIDAY 03/10/2025 വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/10/2025

1. ക്ഷീരവികസനവകുപ്പിന്റെ 2025-2026 വാർഷികപദ്ധതിയുടെ ഭാഗമായുള്ള എറണാകുളം ജില്ലാ ക്ഷീരസംഗമം ക്ഷീരസഹകരണ സംഘങ്ങളുടെയും വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ മിൽമ, കേരളഫീഡ്സ്, വിവിധ ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഇന്നും നാളെയും (2025 ഒക്ടോബർ 3, 4 തീയതികളിൽ) പോഞ്ഞാശ്ശേരി ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ ആതിഥേയത്വത്തിൽ പോഞ്ഞാശ്ശേരി മൂൺലൈറ്റ് കൺവെൻഷൻ സെന്ററിൽ നടത്തപ്പെടുകയാണ്. ക്ഷീരസംഗമത്തോടനുബന്ധിച്ച് **പ്രത്യാശ** – ക്ഷീരസംഘം പ്രതിനിധികൾക്കുള്ള ശിൽപ്പശാല, **ഉണർവ്** – ക്ഷീരസംഘം ജീവനക്കാർക്കുള്ള ശിൽപ്പശാല, **മികവ്** ക്ഷീരസംഘം ജീവനക്കാർക്കുള്ള ആദരവ്, **കാഴ്ച** – ഡയറി എക്സിബിഷൻ, **ശ്രേയസ്സ്** – മെഡിക്കൽക്യാമ്പ്, **സമന്വയം** – ക്ഷീരവികസന സെമിനാർ, **മധുരം** – തത്സമയ ക്ഷീരോല്പന്ന നിർമ്മാണം, **ആദരണീയം** – ക്ഷീരകർഷകർക്കുള്ള ആദരവ്, **നാട്ടിലെ ശാസ്ത്രം** – ശ്രദ്ധിക്കാം നാട്ടിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശാസ്ത്രജ്ഞനെ, **അരങ്ങ്** – കലാപരിപാടികൾ, പൊതുസമ്മേളനം എന്നീ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുന്നു. 2025 ഒക്ടോബർ 4ന് പോഞ്ഞാശ്ശേരി മുൺലെറ്റ് കൺവെൻഷൻ സെൻററിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ മൃഗസംരക്ഷണ – ക്ഷീര വികസനവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ജില്ലാ ക്ഷീരസംഗമത്തിന്റെ ഉദ്ഘാടനം നിർവഹിക്കുന്നതാണ്. നിയമ–വ്യവസായ – കയർ വകുപ്പ് മന്ത്രി അഡ്വ. പി. രാജീവ് അദ്ധ്യക്ഷത വഹിക്കുന്നതാണ്. ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, ക്ഷീരവികസനവകുപ്പ് ഡയറക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മിൽമ പ്രതിനിധികൾ, ക്ഷീരകർഷകർ, സഹകാരികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്നതാണ്.

2. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും, ഇൻഫോസിസിൻറെ സ്ഥാപകർമാരിൽ ഒരാളുമായ ശ്രീ ഷിബുലാലും കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ട് ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/– രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/– രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

3. 2025 വർഷത്തിൽ റബ്ബർമരങ്ങളിൽ റെയിൻഗാർഡുചെയ്യുകയോ മരുന്നുതളി നടത്തുകയോ ചെയ്യുതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾ (RPS) ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനുള്ള അവസാനതീയതി 2025 ഒക്ടോബർ 15-ലേക്ക് നീട്ടിയിരിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള റബ്ബറുത്പാദകസംഘങ്ങൾ നിശ്ചിത തീയതിക്കകം അപേക്ഷകൾ സമർപ്പിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

4. മണ്ണുത്തി കേരള കാർഷിക സർവ്വകലാശാല, കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ വിവിധ കോഴ്സുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് അഡ്മിഷൻ ഒക്ടോബർ 10 വരെ കാർഷിക സർവ്വകലാശാല,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളാനിക്കരയിലെ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വെച്ച് രാവിലെ 10.30 മണി മുതൽ 4 മണി വരെ നടത്തുന്നു. ഡിഗ്രി കോഴ്സുകളായ ബി. എസ്. സി– എം. എസ്. സി (ഇന്റഗ്രേറ്റഡ് ) ബയോളജി, മൈക്രോബയോളജി , പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകളായ കാലാവസ്ഥ ശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, സമുദ്ര –അന്തരീക്ഷ ശാസ്ത്രം തുടങ്ങിയ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നത്. വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാത്തവർക്കും പ്രവേശനം നേടാനാകും. അസ്സൽ സർട്ടിഫിക്കറ്റുകളുമായി വിദ്യാർത്ഥികൾ നേരിട്ട് അഡ്മിഷൻ എടുക്കാൻ എത്തണമെന്ന് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപെടുക: 8848296719, 9400824393.

## പരിശീലന പരിപാടി

5. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒക്ടോബർ മാസം 9 മുതൽ 30 വരെ വിവിധ പരിശീലന പരിപാടികൾ നടത്തുന്നു. രാവിലെ 10 മുതല് വൈകിട്ട് 5 മണി വരെയാണ് പരിശീലനം. ഒക്ടോബർ 9 ന് താറാവ് വളർത്തൽ, 15, 16 ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വളർത്തുനായകളുടെ പരിപാലനം, 22, 23 തീയതികളിൽ ആട് വളർത്തൽ, 29, 30 തീയതികളിൽ പന്നി വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0469 2965535.

6. കശുമാവ് തോട്ടങ്ങളിൽ തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവ് കർഷകർക്ക് 40 ശതമാനം സബ്സിഡിയോടെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി തേനീച്ച കോളനികളും ഉപകരണങ്ങളും ഹോർട്ടികോർപ്പിന്റെ സഹകരണത്തോടെ നൽകുന്നു. 60 ശതമാനം തുക കർഷകര് വഹിക്കണം. അപേക്ഷാ ഫോം www.ksacc.kerala.gov.in ലും ജില്ല ഫീൽഡ് ഓഫീസിലും ലഭിക്കും. ചെയർമാൻ, കെ.എസ്.എ.സി.സി, അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം– 691001 വിലാസത്തില് ഒക്ടോബര് 20 നകം ലഭിക്കണം. ഫോൺ: 0474–2760456, 9496046000, 9496047000.

## കാർഷിക നിർദേശം

പച്ചക്കറികളിൽ നീര് വലിച്ചു കുടിക്കുന്ന കീടങ്ങളെ നിയന്ത്രിക്കാൻ ഇമിഡാക്ലോപ്രിഡ് 3 ml / 10 ലിറ്റർ വെള്ളത്തിൽ തളിക്കുക.